**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4612** **19-03-2025 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാരികളെ വനങ്ങളിലേയ്ക്ക് ആകർഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാരികളെ വനങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനായി വനം വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | വനം വികസന കോർപ്പറേഷൻ പ്രധാനമായി അതിന്റെ കീഴിലുള്ള വനഭൂമിയിലെ നാണ്യവിള തോട്ടങ്ങളിലും, വനവിളത്തോട്ടങ്ങളിലും, സമീപ വനഭൂമിയിലും മാത്രമാണ് ഇക്കോട്ടൂറിസം നടത്തുന്നത്. വനങ്ങളിലെ ഇക്കോ ടൂറിസം വനം വകുപ്പാണ് നടപ്പിലാക്കുന്നത്. നിലവിൽ അരിപ്പ (തിരുവനന്തപുരം), ഗവി (പത്തനംതിട്ട), വാഗമൺ, മീശപുലിമല (മൂന്നാർ -ഇടുക്കി) , പകുതിപാലം (നെല്ലിയാമ്പതി-പാലക്കാട്) എന്നിവിടങ്ങളിലായി 5 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ച മാനേജ്മെന്റ് പ്ലാൻ അടിസ്ഥാനത്തിൽ വനമേഖലയിൽ കെ.എഫ്.ഡി.സി നടത്തിവരുന്നു.ടൂറിസം പ്രോഗ്രാമിന്റെ ഭാഗമായി താമസ സൌകര്യം ഗൈഡഡ് ട്രെക്കിങ് , ഭക്ഷണം, സഫാരി എന്നിവ ഗസ്റ്റിന് നൽകി വരുന്നുണ്ട്. ബുക്കിംഗിനായി www.kfdcecotourism.com എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.<br><br>വയനാട് ജില്ലയിലെ മാനന്തവാടി കമ്പമല തേയില തോട്ടത്തിൽ, ഇക്കോ ടൂറിസം നടത്തുന്നതിന് കെട്ടിടം, ടെന്റ് തുടങ്ങിയ സൗകര്യങ്ങൾ ഉള്ളതാണ്. എന്നാൽ എസ്റ്റേറ്റിൽ മാവോയിസ്റ്റ് സംഘം വന്നു പോകുന്നത് ടൂറിസം നടത്തുന്നതിന് ഭീഷണി ഉയർത്തിയിരുന്നതിനാൽ നിർത്തിവെച്ചത് ഇപ്പോൾ പുനരാരംഭിക്കാൻനടപടി എടുത്തിട്ടുണ്ട്.ഇടുക്കി ചെറുതോണിയ്ക്ക് സമീപത്തായി മണിയാറൻ കുടിയിലെ കുട്ടക്കുഴി കാപ്പി തോട്ടത്തിൽ പുതിയതായി ഇക്കോ ടൂറിസം നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതാണ്. പദ്ധതി തുടങ്ങുന്നതിനു ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | നെല്ലിയാമ്പതിയിൽ വിള ശേഖരണത്തിനായ് വനം വകുപ്പ് കൈമാറിയിട്ടുള്ള മീര ഫ്ലോറിസ് എസ്റ്റേറ്റിൽ (196 ha) അടഞ്ഞു കിടക്കുന്ന കെട്ടിടങ്ങളിൽ ടൂറിസം നടത്തുന്നതിന് അനുമതി തേടിക്കൊണ്ടുള്ള പ്രൊപോസൽ പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ പരിസ്ഥിതിക്കും പ്രകൃതിക്കുമിണങ്ങുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (ബി) | KFDCയുടെ ഇക്കോ ടൂറിസം പദ്ധതികളുമായി ബന്ധപെട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തികൾ എല്ലാം തന്നെ പരിസ്ഥിതിക്കും പ്രകൃതിക്കും ഇണങ്ങുന്ന തരത്തിലാണ് നടത്തുന്നത്. പഴയ കെട്ടിടങ്ങൾ അറ്റകുറ്റപണികൾ മാത്രം നടത്തി പുനരുദ്ധരിച്ചുകൊണ്ടും താത്കാലിക ടെന്റുകളുമാണ് സന്ദർശകർക്ക് താമസത്തിനായി ഒരുക്കുന്നത്. കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുകയോ, ഭൂപ്രകൃതിക്കു യാതൊരു വിധ മാറ്റമോ വരുത്തുന്നില്ല. |
| (സി) | ഈ പദ്ധതികളുടെ നടത്തിപ്പുമായി സഹകരിക്കുന്നത് ഏതെല്ലാം ഏജൻസികളാണെന്നും ഇതിനായി ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | ടൂറിസം കെട്ടിടങ്ങളുടെ പുനരുദ്ധാരണം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, കേരള പോലീസ് കൺസ്ട്രക്ഷൻ കോർപറേഷൻ (KPHCC),നിർമിതി കേന്ദ്രം എന്നിവ വഴി അരിപ്പ, ഗവി, മീശപ്പുലിമല, കമ്പമല എന്നിവിടങ്ങളിൽ നിർവഹിച്ചിട്ടുണ്ട്. ഗവി ഡിവിഷന്റെ കീഴിലുള്ള വാഗമൺ ഹിൽസ് ഗാർഡന്റെ വിപുലീകരണത്തിനായി വിശദമായ പ്രൊജക്റ്റ് (DPR) തയ്യാറാക്കുന്നതിനായി ക്യാപിറ്റൽ എഞ്ചിനീയറിംഗ് കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ് എന്നസ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട് .<br><br>സ്റ്റാഫിന്റേയും തൊഴിലാളികളുടെയും ട്രെയിനിങ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (KITTS) എന്ന സ്ഥാപനം വഴി നിർവഹിച്ചിട്ടുണ്ട്. ഇക്കോടൂറിസം വെബ്സൈറ്റ് വെബ്29.കോം, ശ്യാം ഫ്യൂച്ചർ ടെക്;കൊൽക്കത്ത എന്നി സ്ഥാപനങ്ങൾ വഴി നടത്തിപ്പും പുനരുദ്ധാരണവും ചെയ്തിട്ടുണ്ട്.<br><br>വിവിധ ട്രാവൽ ഏജൻസികൾ, തേക്കടി ടൂറിസം പ്രൊമോഷൻ കൗൺസിൽ, കേരളടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിൽ സഹകരിക്കുന്നു. വനം വകുപ്പ്, സംസ്ഥാന വനം വികസന ഏജൻസി, ഇക്കോ ടൂറിസം ഡയറക്ടറേറ്റ് എന്നിവ ധനസഹായം, അനുമതികൾ, സഹകരണം എന്നിവ നൽകുന്നു. |

സെക്ഷൻ ഓഫീസർ